ഫാറം-I

2021-ലെ കേരള നഗര-ഗ്രാമാസൂത്രണ

(വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും)ചട്ടങ്ങൾ

(ചട്ടം 4(1) കാണുക)

**കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ**

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ (2016-ലെ 9-ാം ആക്ട്) 46-ാം വകുപ്പിലെ 1-ാം ഉപവകുപ്പും പ്രകാരം കൊല്ലം നഗരത്തിലെ ആശ്രാമം-മങ്ങാട് വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യത്തിന്റെ വിജ്ഞാപനം

കൊല്ലം നഗരത്തിനായി തയ്യാറാക്കിയ വിവിധ മാസ്റ്റർ പ്ലാനുകളിൽ വിഭാവനം ചെയ്തിരുന്നതും വിശദമായ റോഡ് അലൈൻമെന്റ് മാപ്പിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിച്ചുവരുന്നതുമായ ആശ്രാമം-മങ്ങാട് ലിങ്ക് റോഡ് കൊല്ലത്തിന്റെ വാണിജ്യ കേന്ദ്രമായ ചിന്നക്കടയെ കൊല്ലം ബൈപ്പാസിലേക്ക് ബന്ധിപ്പിക്കുന്ന ഒരു അലൈൻമെന്റാണ്. ആശ്രാമം-മങ്ങാട് പ്രദേശങ്ങളുടെ വികസനത്തിന് അനിവാര്യമായി കാണുന്ന ടി റോഡും ടി റോഡുമൂലമുള്ള വികസന സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ടുള്ള ആസൂത്രിത വികസനം കൈവരിക്കുവാനും അഷ്ടമുടിക്കായലിന്റെ പ്രകൃതിദത്ത സൗന്ദര്യം ടി മേഖലയുടെ വിനോദ സഞ്ചാര മേഖലയിൽ സൃഷ്ടിച്ചേക്കാവുന്ന വികസന സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് ആശ്രാമം-മങ്ങാട് പ്രദേശത്തിനായുള്ള വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കുവാനും വിശദ നഗരാസൂത്രണ പദ്ധതി രൂപീകരണവും അനുമതി നൽകലും ചട്ടപ്രകാരം ടി ഉദ്ദേശ്യം പ്രസിദ്ധപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനും കൗൺസിൽ തീരുമാനിച്ചു.

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 46-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് പ്രകാരം കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ താഴെ വിശദമാക്കിയിരിക്കുന്ന ഉദ്ദേശ്യങ്ങളോടും ലക്ഷ്യങ്ങളോടും കൂടി ആസൂത്രണ പ്രദേശത്തിന് വേണ്ടി ഒരു വിശദ നഗരാസൂത്രണ പദ്ധതി തയ്യാറാക്കാൻ 07/12/2021 തീയതിയിൽ നടന്ന യോഗത്തിലെ 49-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം തീരുമാനിച്ചിരിക്കുന്നു.

(എ) പദ്ധതിയുടെ ഉദ്ദേശ്യം :

ആശ്രാമം-മങ്ങാട് ലിങ്ക് റോഡിന്റെ വികസനം സാധ്യമാക്കുന്നതിനും അതുവഴി അഷ്ടമുടിക്കായലിന്റെ വിനോദസഞ്ചാര സാധ്യതകളും ഉപയോഗിച്ചും കൊല്ലം നഗരത്തിനായുള്ള പ്രധാന വിനോദ സഞ്ചാര കവാടമായി പ്രദേശത്തെ വികസിപ്പിച്ചെടുക്കുക.

(ബി) പദ്ധതിയുടെ ലക്ഷ്യങ്ങൾ :

1. നിർബന്ധിത ഭൂമി ഏറ്റെടുക്കുന്നത് പരമാവധി കുറച്ച് കൊണ്ട് നൂതന സാങ്കേതികത്വം ഉൾപ്പെടുത്തി വികസനത്തിനായി ഭൂമി ഉറപ്പാക്കുക അതുവഴി ആശ്രാമം-ലിങ്ക് റോഡ് നിലവിൽ വരുത്തുക.
2. ആശ്രാമം-മങ്ങാട് ലിങ്ക് റോഡിന്റെ സാധ്യതകൾ കണക്കിലെടുത്ത് സമീപ പ്രദേശങ്ങളുടെ വികസനം പരിപോഷിപ്പിക്കുക അതിനാവശ്യമായ റോഡുകൾ നിർദ്ദേശിക്കുക.
3. പ്രദേശത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ മനസ്സിലാക്കി അത് പരിപോഷിപ്പിക്കുന്നതിനുള്ള സാധ്യതകൾ വിനിയോഗിക്കുകയും മറ്റ് പദ്ധതികൾക്കായുള്ള വിശകലനം നടത്തുക.
4. കൊല്ലം നഗരത്തിനായുള്ള അനുപമമായ വിനോദസഞ്ചാരമേഖലയായി ആശ്രാമം-മങ്ങാട് പ്രദേശത്തിനെ മാറ്റുക.

(സി) അതിരുകൾ :

വടക്ക് : മങ്ങാട് വില്ലേജ് ബ്ലോക്ക് നമ്പർ : 15 സർവ്വേ നമ്പരുകൾ : 627, 628, 630, 631, 634, അഷ്ടമുടിക്കായൽ

കിഴക്ക് : കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് നമ്പർ : 66, 44, 45, 47, 48, 10, 11, 6
മങ്ങാട് വില്ലേജ് ബ്ലോക്ക് നമ്പർ : 15 സർവ്വേ നമ്പരുകൾ : 622, 622, 624, 650, 651, 654, 668

തെക്ക് : കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് നമ്പർ : 67, 66, 44, 45, 48, 6, 12, 13, 17, 16
മങ്ങാട് വില്ലേജ് ബ്ലോക്ക് നമ്പർ : 15 സർവ്വേ നമ്പരുകൾ : 687, 688, 690, 676, 675, 670, 669, 668, 657.

പടിഞ്ഞാറ് : കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് നമ്പർ : 59, 62, 63,
തൃക്കടവൂർ വില്ലേജ് ബ്ലോക്ക് നമ്പർ : 3 സർവ്വേ നമ്പർ : 276(P)

(ഡി) റവന്യൂ സർവ്വേ/അല്ലെങ്കിൽ റീസർവ്വേ നമ്പരുകൾ ബാധകമാകുന്നപക്ഷം ബ്ലോക്ക് നമ്പരുകളും റവന്യൂ വാർഡ് നമ്പരുകളും അതോടൊപ്പം അതാത് റവന്യൂ വില്ലേജുകളുടെ പേര്:

കൊല്ലം ഈസ്റ്റ് വില്ലേജ് ബ്ലോക്ക് 1(P), 2, 3, 4, 5, 7 8, 9, 14, 15, 46, 49, 50, 51, 52, 53, 54, 55, 56, 57, 58, 64, 65

തൃക്കടവൂർ വില്ലേജ് ബ്ലോക്ക് നമ്പർ : 3(276(P), 279, 280, 281, 282, 283, 284, 285, 286, 287, 288, 289, 290, 291, 292, 293)

മങ്ങാട് വില്ലേജ് ബ്ലോക്ക് നമ്പർ : 15 (625, 626, 635, 636, 638, 639, 640, 641, 642, 643, 644, 645, 646, 647, 648, 649, 677, 678, 679, 680, 681(P), 682, 683, 684, 685, 686, 689)

(ഇ) ആസൂത്രണ പ്രദേശത്തിലെ ഏകദേശ വിസ്തൃതി - 155 ഹെക്ടർ

ആസൂത്രണ പ്രദേശത്തിലെ മാപ്പ് (ഡി.എസ്.എൻ/01) കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസിൽ ഓഫീസ് പ്രവൃത്തി സമയത്ത് പരിശോധനയ്ക്കായി സൂക്ഷിച്ചിരിക്കുന്നു.

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ 46-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പും പ്രകാരം ടി ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

14/9/23
സെക്രട്ടറി

MUNICIPAL CORPORATION OFFICE KOLLAM

മേയർ
8/8/2023.

സ്ഥലം : കൊല്ലം

തീയതി : 08/08/2023